**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 275** **22-02-2022 - ൽ മറുപടിയ്ക്ക്**

**ചിൽഡ്രൻസ് ഹോമിൽ നിന്നും കുട്ടികളെ കാണാതായ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വെള്ളിമാട് കുന്ന് ചിൽഡ്രൻസ് ഹോമിൽ നിന്നും പെൺകുട്ടികളെ കാണാതായ സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് വെള്ളിമാട് കുന്ന് ചിൽഡ്രൻസ് ഹോമിൽ നിന്നും പെൺകുട്ടികളെ കാണാതായ സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. കോഴിക്കോട് ഗേൾസ് ഹോം സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റി. കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന പ്രൊട്ടക്ഷൻ ഓഫീസർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ദിവസവേതന കെയർടേക്കറെ സ്ഥാപനത്തിൽ നിന്നും പിരിച്ചുവിട്ടു. |
| (ബി) | ചുറ്റു മതിൽ തകർന്നതിനാൽ സുരക്ഷിതമല്ലാത്ത ചിൽഡ്രൻസ് ഹോമിന് സുരക്ഷാ സംവിധാനം ഒരുക്കണമെന്ന സി.ഡബ്ല്യു.സി.യുടെ നിർദ്ദേശം ഒരു വർഷത്തിലധികമായി നടപ്പാക്കാതെ പോയതിന് കാരണം വ്യക്തമാക്കുമോ? | (ബി) | ഇത്തരത്തിൽ ഒരു നിർദ്ദേശം സി.ഡബ്ല്യൂ.സി.യിൽ നിന്ന് ലഭിച്ചിട്ടില്ല. കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് ഉൾപ്പെടെ 16-ഓളം സ്ഥാപനങ്ങൾ വെള്ളിമാട്ടുകുന്ന് കോംപ്ലക്സിൽ പ്രവർത്തിക്കുന്നുണ്ട്. കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കായി ചുറ്റുമതിലും മെയിൻ ഗേറ്റിൽ വാച്ച്മാനും ഉണ്ട്. കോഴിക്കോട് ഗേൾസ് ഹോമിനു മാത്രമായി അധിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥാപനത്തിന്റെ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി സി.സി.റ്റി.വി ക്യാമറകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി കെൽട്രോണിന്റെ 4,19,641/- രൂപയുടെ എസ്റ്റിമേറ്റ് സ്ഥാപന സൂപ്രണ്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുകയാണ് |

സെക്ഷൻ ഓഫീസർ